# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 4889** 18.12.2014- ൽ മറുപടിക്ക്

**പേരാമ്പ്ര-ചെറുവണ്ണൂർ-ചാനിയംകടവ്-വടകര റോഡിന്റെ പുനരുദ്ധാരണം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പേരാമ്പ്ര - ചെറുവണ്ണൂർ - ചാനിയംകടവ് - വടകര റോഡിന്റെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ആരാണ് ഈ പ്രവൃത്തി ചെയ്യുന്നതെന്നും, എത്ര കോടി രൂപയുടെ പ്രവൃത്തിയാണെന്നും, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് എത്ര കാലം കൊണ്ടാണ് ഇതിന്റെ പണം നൽകേണ്ടതെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിലെ റോഡുകളുടെ ടെണ്ടർ വിളിച്ചപ്പോൾ കരാറുകാർ ക്വോട്ട് ചെയ്ത റേറ്റ് വളരെ കൂടുതലായതിനാൽ റോഡ് പാക്കേജുകൾ ചെറുതാക്കി ടെണ്ടർ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത ടെണ്ടർ അംഗീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്നും ആയതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ? | (സി) പാക്കേജുകളിലെ വലിപ്പം മൂലവും ക്വോട്ട് ചെയ്ത റേറ്റ് കൂടുതലായതിനാലും വലിയ തുക കണ്ടെത്തേണ്ടിവരുമെന്നതിനാലുമാണ് അംഗീകാരം ലഭിക്കാത്തത്. ആയതിനാൽ പാക്കേജുകളുടെ വലിപ്പം കുറച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ